**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 892** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വിദ്യാഭ്യാസ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. പി. ടി. തോമസ് , ശ്രീ പി സി വിഷ്ണുനാഥ്, ശ്രീ. ടി. ജെ. വിനോദ് | | Shri V Sivankutty (പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ അടച്ചുപൂട്ടി വിദ്യാഭ്യാസം ഓൺലൈൻ ആക്കിയത് കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്; എസ്.സി.ഇ.ആർ.ടിയും തിരുവനന്തപുരം സർക്കാർ വനിത കോളേജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെൻററും സംയുക്തമായി കോവിഡ് കാലത്തെ സ്കൂൾ കുട്ടികളുടെ അക്കാദമിക അവസ്ഥയെയും മനോ- സാമൂഹിക അവസ്ഥയെയും സംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന മാനസിക സംഘർഷവും പിരിമുറുക്കവും ലഘൂകരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്; കുട്ടികളുടെ മാനസിക സമ്മർദവും പിരിമുറുക്കവും ലഘൂകരിക്കുന്നതിന് അനുയോജ്യമായ ക്ലാസുകൾ കൈറ്റ് വിക്ടേഴ്സ് വഴി സംപ്രേഷണം ചെയ്തുവരുന്നു.കൂടാതെ അധ്യാപകർ, ഡോക്ടർമാർ, സ്കൂൾ കൗൺസലർമാർ തുടങ്ങിയവർ കുട്ടികൾക്ക് ആവശ്യമായ അക്കാദമികവും മാനസികവുമായ പിന്തുണ നിരന്തരമായി നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ ആവശ്യമുള്ള കുട്ടികൾക്ക് കൗൺസലിംഗ് നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെ പഠന പ്രയാസങ്ങളും മറ്റ് ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് കൗൺസിലിങ് അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്; കുട്ടികളുടെ മാനസിക സമ്മർദവും പിരിമുറുക്കവും ലഘൂകരിക്കുന്നതിന് അനുയോജ്യമായ ക്ലാസുകൾ കൈറ്റ് വിക്ടേഴ്സ് വഴി സംപ്രേഷണം ചെയ്തുവരുന്നു.കൂടാതെ അധ്യാപകർ, ഡോക്ടർമാർ, സ്കൂൾ കൗൺസലർമാർ തുടങ്ങിയവർ കുട്ടികൾക്ക് ആവശ്യമായ അക്കാദമികവും മാനസികവുമായ പിന്തുണ നിരന്തരമായി നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ ആവശ്യമുള്ള കുട്ടികൾക്ക് കൗൺസലിംഗ് |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡ് സാഹചര്യത്തിൽ വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പഠനം കൂടുതൽ രസകരമാക്കുന്നതിനും കുട്ടികളുടെ മാനസിക ഉന്മേഷം മെച്ചപ്പെടുത്തുന്നതിനും സഹായകരമായ എന്തെങ്കിലും നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ? | (ഡി) | 2021-22 അക്കാദമിക വർഷത്തിലെ ഡിജിറ്റൽ ക്ലാസുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ആകർഷകവും രസകരവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആഗ്മെന്റഡ് റിയാലിറ്റി, നിർമ്മിതബുദ്ധി തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ കുട്ടികൾക്ക് ആവശ്യമായ മോട്ടിവേഷൻ ക്ലാസുകൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ